വചന വിചിന്തനം

ലൂക്കാ 12,57-13,9

ആനുകാലികസംഭവങ്ങളെ വിശ്വാസത്തിന്റെ വെളിച്ചത്തിൽ വിലയിരുത്തുവാനും അവയിൽനിന്നും പാഠങ്ങൾ പഠിക്കുവാനും അതു മറ്റുള്ളവരെ പഠിപ്പിക്കുവാനും അതിലൂടെ ജീവിതനവീകരണത്തിലേയ്ക്കു കടന്നുവരുവാനും നമ്മെ പ്രചോദിപ്പിക്കുന്ന വചനഭാഗമാണിത്.

വി. ലൂക്കായുടെ സുവിശേഷം 12-ാം അദ്ധ്യായം 11-ാം വാക്യം മുതൽ 13-ാം അദ്ധ്യായം 9-ാം വാക്യം വരെയുള്ള ഭാഗങ്ങളിൽ വിധിക്കൊരുങ്ങുവാനുള്ള ഓർമ്മപ്പെടുത്തലുകളാണ് നല്കുന്നത്. ആകാശത്തിന്റെയും ഭൂമിയുടെയും വ്യതിയാനങ്ങൾനോക്കി കാലാവസ്ഥ കണക്കുകൂട്ടുന്ന യഹൂദർക്ക് കാലത്തിന്റെ അടയാളങ്ങൾ മനസ്സിലാക്കാനാകുന്നില്ലേയെന്നു ഈശോ ചോദിക്കുന്നു.

"നീ നിന്റെ ശത്രുവിനോടുകൂടി അധികാരിയുടെ അടുത്തേയ്ക്കു പോകുമ്പോൾ വഴിയിൽവച്ചുതന്നെ അവനുമായി രമ്യതപ്പെട്ടുകൊള്ളുക" എന്ന മിശിഹായുടെ വചനം മനസ്സിലാക്കുവാൻ യഹൂദർക്കായില്ല. അനുതാപത്തിനായുള്ള, അനുരഞ്ജനത്തിനായുള്ള ഒരു ആഹ്വാനമാണ് മിശിഹായിവിടെ നല്കുന്നത്. ഈ അനുരഞ്ജനം രുതലങ്ങളിൽ നടക്കേതു്. ഒന്ന് ദൈവവുമായി; രു സഹോദരങ്ങളുമായി. ദൈവവുമായി അനുരഞ്ജനപ്പെടണമെങ്കിൽ ആദ്യം സഹോദരങ്ങളുമായി അനുരഞ്ജനപ്പെടേതു്. പക്ഷെ നിന്റെ ശത്രുവുമായി അനുരഞ്ജനപ്പെടാനുള്ള മിശിഹായുടെ ആഹ്വാനം സ്വീകരിക്കുവാൻ യഹൂദർക്കാവുന്നില്ല. കാരണം അവരെ സംബന്ധിച്ചിടത്തോളം ശത്രുവെന്നാൽ പ്രഥമദൃഷ്ടിയാൽ പീലാത്തോസും റോമാക്കാരുമായിരുന്നു. മിശിഹായുടെ ആഹ്വാനം സ്വീകരിക്കാതെ പീലാത്തോസിനെ കുറ്റം വിധിച്ചുകൊു തങ്ങളെത്തന്നെ ന്യായീകരിക്കുന്നതിന് യഹൂദജനത പരിശ്രമിക്കുകയാണ്.

രുസംഭവങ്ങളാണു ഇവിടെ വിവരിക്കുന്നത്. ഒന്നാമതായി പീലാത്തോസ് അന്യായമായി വധിച്ചവരെക്കുറിച്ചുള്ള പരമാർശം; രാമതായി സീലോഹായിൽ ഗോപുരം വീണു മരണമടഞ്ഞവരെക്കുറിച്ചുള്ള പരാമർശം. ലൂക്കാ 13,1-ൽ പറയുന്ന പീലാത്തോസ് വധിച്ചവരെക്കുറിച്ച് വി. ഗ്രന്ഥപണ്ഡിതന്മാരുടെയിടയിൽ ഭിന്നാഭിപ്രായമാണുള്ളത്.

അപ്പസ്തോലപ്രവർത്തനം 5,37-ൽ വായിക്കുന്ന യൂദാസിന്റെയും അനുയായികളുടെയും വധമാണു പരാമർശവിഷയമെന്നു ഒരുകൂട്ടരും ഗരീസിം മലയിൽ ദൈവാലയത്തിലെ വിശുദ്ധ പാത്രങ്ങൾ കാണുവാനായി ഒരു നേതാവിന്റെ കീഴിൽ ഒത്തുകൂടിയ സമരിയാക്കാരെ പീലാത്തോസ് കൂട്ടക്കൊല ചെയ്തതാണെന്ന് വേറൊരു പക്ഷവും, വിശുദ്ധ നഗരമായ ജറുസലേമിൽ പീലാത്തോസിന്റെ നേതൃത്വത്തിൽ സീസറിന്റെ പ്രതിമകൾ സ്ഥാപിച്ചപ്പോൾ അതു എതിർത്ത യഹൂദരെ കൊലചെയ്ത സംഭവമാണ് പരാമർശിക്കുന്നതെന്നു മറ്റൊരു കൂട്ടരും അതല്ല ജറുസലേം ദൈവാലയത്തിലെ നേർച്ചവരവുപയോഗിച്ചു നഗരത്തിൽ കുടിവെള്ളമെത്തിക്കുവാനുള്ള പീലാത്തോസിന്റെ നടപടിയെ എതിർത്തവരെ വധിച്ചതാണിവിടെ പരാമർശിക്കുന്നതെന്നു മറ്റുചിലരും വാദിക്കുന്നു. ഇതിലേതു കാര്യമാണു ലൂക്കാ സുവിശേഷകൻ പരാമർശിക്കുന്നതെന്ന് വ്യക്തമല്ലെങ്കിലും ഒരു കാര്യം ഇവിടെ നമുക്കനുമാനിക്കാം. തങ്ങളെത്തന്നെ ന്യായീകരിക്കുന്നതിനും പീലാത്തോസിനെ കുറ്റപ്പെടുത്തുന്നതിനും അങ്ങനെയൊരു നേതാവായ ഈശോയുടെ നാവിൽനിന്നും പീലാത്തോസിനെതിരായി എന്തെങ്കിലും പരാമർശമുാവുമെന്ന ചിന്തയോടെയുമാണ് യഹൂദർ ഈശോയോടു സംസാരിക്കുന്നത്. പക്ഷെ ഇതിനു സമാനമായ മറ്റൊരു ദുരന്തം വിവരിച്ചുകൊ് വളരെ മിശിഹാ അവർക്കുള്ള സന്ദേശം നല്കുന്നു. സീലോഹാ കുളത്തിനു സമീപം തെക്കുകിഴക്കെമതിലിൽ സ്ഥാപിതമായിരുന്ന ഗോപുരം ഇടിഞ്ഞുവീണു മരണമടഞ്ഞ പതിനെട്ടുപേർ ഏറ്റവും വലിയ പാപികളായിരിന്നുവോയെന്ന് ഈശോ ചോദിക്കുന്നു. അങ്ങനെ ലോകത്തിലെ സകല ദുഃഖങ്ങൾക്കും വേദനകൾക്കും കാരണം പാപത്തിനുള്ള ശിക്ഷയാണെന്ന തെറ്റുദ്ധാരണ കർത്താവു നീക്കുന്നു. നമ്മുടെ ചുറ്റുമുാകുന്ന സംഭവങ്ങളിൽനിന്ന് നാം പാഠമുൾക്കൊള്ളണം, ജീവിതം നവീകരിക്കണം അല്ലാതെ മറ്റുള്ളവരുടെ പാപത്തിന്റെ വലിപ്പംപറഞ്ഞ് നമുക്കനുതാപത്തിനായി ലഭിക്കുന്ന അവസരങ്ങളെ നഷ്ടപ്പെടുത്തരുതെന്ന് അവിടുന്നോർമിപ്പിക്കുന്നു.

സർവ്വവും പരിപാലിക്കുന്ന തമ്പുരാന്റെ കരവലയത്തിൽ എങ്ങനെയാണ് അപകടങ്ങളും ദുരിതങ്ങളുമുാവുന്നത് എന്നാണു പലരുടെയും സംശയം. ദൈവത്തിന്റെ പദ്ധതി മനുഷ്യനു അഗ്രാഹ്യമാണ്. പഴയനിയമത്തിൽ ജോബിനെ നാം കുമുട്ടുന്നു്. സർവ്വവും നഷ്ടപ്പെട്ടിട്ടും ദൈവത്തോടു ചേർനിന്ന മനുഷ്യൻ. ഈ ഭൂമിയിലുള്ളതൊന്നും ശാശ്വതമല്ല; നാമെല്ലാവരും പിതാവിന്റെ സന്നിധിയിലേയ്ക്കു യാത്ര

ചെയ്യുന്നവരാണ് ഈ യാത്രയിൽ വേദനകളും ദുഃഖങ്ങളും, അതു ദൈവമനുവദിക്കുന്നതാണെങ്കിൽ അതിനെ പൂർണ്ണമനസ്സോടെ സ്വീകരിക്കുവാൻ നാം തയ്യാറാകണം. ഒരു കാര്യംകൂടി നാം ഓർക്കേതു്. മറ്റുള്ളവരുടെ ജീവിതത്തിലുാവുന്ന വേദനകളും ദുഃഖങ്ങളും നമുക്കൊരു മുന്നറിയിപ്പാണ്. നല്ല ഫലം പുറപ്പെടുവിക്കുവാനുള്ള ദൈവീകാഹ്വാനം അപരനിലൂടെ നമുക്കു ലഭിക്കുന്നു.

അത്തിമരത്തിന്റെ ഫലശൂന്യത വേലയെ പാഴ്വേലയാക്കുന്നു; പ്രതീക്ഷയെ നിരാശയാക്കുന്നു; സ്വപ്നങ്ങളെ പാഴ്ക്കിനാവുകളാക്കുന്നു. ഇങ്ങനെ യാതൊരു ഫലവും പുറപ്പെടുവിക്കാതെ യജമാനന്റെ നിലം പാഴാക്കുന്ന അത്തിമരത്തെ വെട്ടിമാറ്റുകയെന്നതാണു സാമൂഹികനീതി. പക്ഷെ മനുഷ്യന്റെ ചിന്തകളെ മറികടക്കുന്ന ദൈവീകനീതി ആ അത്തിമരത്തിനു ഒരു അവസരംകൂടി നല്കുകയാണു- ഫലം പുറപ്പെടുവിക്കുവാനും യജമാനന്റെ പ്രതീക്ഷയ്ക്കൊത്തുവളരാനും.

ഇന്നത്തെസുവിശേഷം നമ്മോടാവശ്യപ്പെടുന്നതും മറ്റൊന്നല്ല- ഫലം പുറപ്പെടുവിക്കുക, യജമാനനായ ദൈവത്തിന്റെ പ്രതീക്ഷയ്ക്കൊത്തു വളരുക. നല്ല ഫലം പുറപ്പെടുവിക്കണമെങ്കിൽ നാം ഉത്തമമായ മാനസാന്തരത്തിലേയ്ക്കു കടന്നുവരേതു്. മാനസാന്തരമെന്നാൽ മനസ്സുമാറ്റുകയെന്നാണർത്ഥമാക്കേത്. ദൈവവിളിയിലേയ്ക്കു നമ്മുടെ മനസ്സും ജീവിതവും ഓരോ ദിവസവും മാറണം. നമ്മുടെ ജീവിതം അപരനു ഉതകുന്നതാക്കിത്തീർക്കുന്നതാണു യഥാർത്ഥമാനസാന്തരം. ആ മാനസാന്തരത്തിലേയ്ക്കു കടന്നുവന്നാൽ വഴിയിൽവച്ച് ശത്രുവിനോടനുരഞ്ജനപ്പെടാൻ നമുക്കു സാധിക്കും. ഒരു കരണത്തടിക്കുന്നവനെ മറുകരണംകൂടി കാണിക്കുവാൻ നമുക്കു സാധിക്കും. നമ്മെ അപകീർത്തിപ്പെടുത്തിയവനെ സ്നേഹിക്കുവാൻ അവനെപ്പറ്റി നന്മപറയാൻ അവനു വേി ആത്മാർത്ഥമായി പ്രാർത്ഥിക്കുവാൻ അപ്പോൾ നമുക്കു സാധിക്കും.

ഡീക്കൻ ലൈജു കരിവേലിക്കൽ